# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതി

**No.66A/KSHEC/Schol.Admin./2014-15** **07/11/2014**

## വിജ്ഞാപനം

**2012-13** അക്കാദമിക് വർഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് മൂന്നാം വർഷം **2014-15** (2nd Renewal) പുതുക്കി നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതിയുടെ വെബ്സൈറ്റ് ആയ www.kshec.kerala.gov.in ൽ Higher Education Scholarship ൽ HE Scholarship 2012-13 – Online Registration, Verification and Approval (2nd Renewal) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **10-11-2014** മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

**<u>യോഗ്യത</u>**

1 രണ്ടാം വർഷം ബിരുദതലത്തിൽ 2013-14 വർഷത്തെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിച്ചവർ മാത്രം അപേക്ഷിച്ചാൽ മതി.

2 ഇപ്പോൾ മൂന്നാം വർഷം ബിരുദ തലത്തിൽ കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്, എയ്ഡഡ് ആർട്സ് & സയൻസ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ്, സോഷ്യൽ സയൻസ്, സയൻസ് വിഷയങ്ങളിലൊന്നിൽ പഠനം തുടരുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. (മൂന്നാം വർഷം സ്കോളർഷിപ്പ് പുതുക്കുന്ന വിദ്യാർത്ഥികൾ മുൻപ് പഠിച്ച കോളേജിൽ തന്നെ തുടർന്നു അതേ വിഷയം പഠിയ്ക്കുന്നവരായിരിക്കണം.)

**<u>മിനിമം യോഗ്യതാ മാനദണ്ഡം</u>**

മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് അടിസ്ഥാനമാക്കി.

| | | |
|---|---|---|
| ജനറൽ വിഭാഗം | : | B |
| ഒ.ബി.സി, ബി.പി.എൽ, എസ്.ടി/എസ്.സി,<br>ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ | : | C |

**<u>സ്കോളർഷിപ്പ് തുക – 24,000/-</u>**

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**ബന്ധപ്പെട്ട മറ്റുവിവരങ്ങൾ**

1. രണ്ടാം വർഷം ബിരുദതലത്തിൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിച്ച 1000 അപേക്ഷകർക്കാണ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്.
2. അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
3. മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റിനെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**അപേക്ഷിക്കേണ്ട രീതി**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **10.11.2014** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.kshec.kerala.gov.in എന്ന വെബ്സൈറ്റിലെ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Online Registration – HE Scholarship 2012-13 – Online Registration, Verification and Approval (2nd Renewal) ൽ ക്ലിക്ക് ചെയ്യുക.
3. സ്ക്രീനിൽ കാണുന്ന പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക. (ചുവന്ന നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള വിവരങ്ങൾ നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്.)
4. തുടർന്നു ലഭിക്കുന്ന അപേക്ഷാഫോമിൽ മൂന്നാം സെമസ്റ്റർ പരീക്ഷയുടെ വിവരങ്ങൾ, അതായത് അപേക്ഷാ ഫോമിലെ 6-ാം നമ്പർ കോളത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നൽകി submit ചെയ്യുക.
5. ശേഷം Registration step II ൽ ആവശ്യപ്പെട്ടിട്ടുള്ള ഡോക്യുമെന്റുകൾ അപ്ലോഡ് ചെയ്യുക.
6. വിജയകരമായി അപേക്ഷ നടപടികൾ പൂർത്തിയാക്കിയാൽ ലഭിക്കുന്ന പേജിൽ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുക്കുക.
7. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടിൽ ഭാഗം 11 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. **(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥികൾ കൈവശം സൂക്ഷിക്കേണ്ടതാണ്.)**
8. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടും സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതും (verification), ആ വിവരം ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്.

9. പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ മുഖേന അംഗീകരിച്ചിരിക്കണം. (Approval)

10. അപേക്ഷകരുടെ രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഉന്നത വിദ്യാഭ്യാസ സമിതി നിശ്ചയിക്കുന്ന സമയ പരിധിക്കുള്ളിൽ കൗൺസിലിന്റെ ഓഫീസിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**<u>സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>**

1. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച അപേക്ഷാ ഫോം. (വിദ്യാർത്ഥി യുടെയും പ്രിൻസിപ്പാളിന്റെയും ഒപ്പിട്ടത്)
2. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)
3. പ്രസ്തുത വിദ്യാർത്ഥിയുടെ മൂന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**<u>അവസാന തീയതി</u>**

1. ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **24.11.2014.**
2. രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പി ക്കേണ്ട അവസാന തീയതി **24.11.2014.**
3. സ്ഥാപന മേധാവികൾ ഓൺലൈൻ മുഖേന Verification ഉം Approval ഉം പൂർത്തിയാ ക്കേണ്ട അവസാന തീയതി **29.11.2014.**
4. **<u>പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിൽ ഓഫീസിൽ ലഭിക്കുന്ന തിനുള്ള അവസാന തീയതി 04.12.2014.</u>**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷ കർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തി യിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട താണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.**

വിശ്വസ്തതയോടെ,

Christy

**സ്കോളർഷിപ്പ് നോഡൽ ഓഫീസർ**
**മെമ്പർ സെക്രട്ടറിയ്ക്ക് വേണ്ടി**